<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141</u> <u>09-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് കർഷകരുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താറുണ്ട്. കൃഷി വകുപ്പ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സാമൂഹികമായി വിലയിരുത്തുവാൻ വേണ്ടി സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്കിലെ കൂരോപ്പട കൃഷിഭവനിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ പൂർത്തീകരിച്ച് കഴിഞ്ഞു. മറ്റ് 13 ജില്ലകളിൽനിന്നും ഓരോ കൃഷി ഭവനുകൾ തിരഞ്ഞെടുത്ത് പരീക്ഷണാടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റിംഗ് പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്ന മൂന്ന് മേഖലകളാണ് നെല്ലുൽപ്പാദന വികസനം, പച്ചക്കറി വികസനം, നാളികേര വികസനം. ഈ മൂന്ന് മേഖലകളിലും കൃഷി വകുപ്പിന്റെ ഫലപ്രദമായ ഇടപെടലുകൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട്. സേവന മേഖലയിലും കാർഷിക ഇൻഷ്വറൻസ് മേഖലയിലും വകയിരുത്തിയ തുകയുടെയും പ്രയോജനം കർഷകർക്ക് യഥാസമയം ലഭ്യമാകുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് അവയുടെ സാമ്പത്തിക വിശകലനത്തിൽകൂടിയും ഭൗതിക വിശകലനത്തിൽകൂടിയും സർക്കാർ ഉറപ്പാക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെയും കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം കൃഷിയെ പ്രോത്സാഹിപ്പിക്കും വിധം പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് സംരക്ഷ മണ്ണ് പര്യവേക്ഷണ** |

| | | | |
|---|---|---|---|
| | | | **വകുപ്പിന്റെ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ഏകോപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കർഷകർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുവാനും കർഷക പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും അതിവേഗം അവ പരിഹരിക്കുവാനും സംസ്ഥാനത്തെ എല്ലാ കാർഷിക ബ്ലോക്കുകളും കേന്ദ്രീകരിച്ച് കൃഷിദർശൻ എന്ന പരിപാടി കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.** |
| (ബി) | സംസ്ഥാനത്ത് കടബാദ്ധ്യത മൂലം ദുരിതത്തിലാകുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **കടബാധ്യത മൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുകയും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പ്രഖ്യാപിക്കുകയും സർക്കാരിലേക്ക് കടാശ്വാസത്തിനുള്ള ശിപാർശ നൽകുകയും ചെയ്യുന്നു. കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിൽ (വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെ എടുത്ത വായ്പകൾക്കും) കുടിശ്ശിക തുക 50,000/- രൂപയോ അതിൽ കുറവോ ആണെങ്കിൽ പരമാവധി 75% വരെയോ 50,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ പരമാവധി 50% തുകയോ 2 ലക്ഷം രൂപ വരെയോ കമ്മീഷൻ കടാശ്വാസം അനുവദിച്ചു വരുന്നു. ഇതിനായി കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ അടങ്ങിയ അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.** |
| (സി) | കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക പുരോഗതിയ്ക്കും മുൻഗണന നൽകിക്കൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ? | (സി) | കർഷകരുടെ വരുമാന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടായ കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് ഉല്പാദന സേവന വിപണന മൂല്യ വർദ്ധന മേഖലയിൽ ഇടപെടലുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മൂല്യ വർദ്ധന മേഖലയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കാർഷിക മേഖലയെ ഊർജ്ജസ്വലമാക്കുവാൻ മൂല്യ വർദ്ധിത കാർഷിക മിഷൻ സർക്കാർ ആവിഷ്കരിച്ച് കഴിഞ്ഞു.<br><br>കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ്.<br><br>**ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ/ നടപടികൾ**<br><br>**(i) കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപന പദ്ധതികൾ**<br><br>**(ii) ഞങ്ങളും കൃഷിയിലേക്ക്**<br><br>**(iii) കൃഷിദർശൻ**<br><br>**(iv) സ്മാർട്ട് കൃഷി ഭവനുകൾ**<br><br>**(v) കൃഷിശ്രീ സെന്ററുകൾ**<br><br>**(vi) VAAM**<br><br>**(vii) കുട്ടനാട് വികസന ഏകോപന കൗൺസിൽ**<br><br>**(viii) കേരള അഗ്രോ ബിസിനസ്സ് കമ്പനി** |

സെക്ഷൻ ഓഫീസർ